"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ വകുപ്പ് (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2472/2024/LSGD തീയതി,തിരുവനന്തപുരം, 16-12-2024

---

പരാമർശം:-

1. ഭാരത സർക്കാരും കേരള സർക്കാരും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും ചേർന്ന് ഒപ്പുവെച്ച 04-11-2013 തീയതിയിലെ ത്രികക്ഷി ധാരണപത്രം.
2. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ 08.09.2023 തീയതിയിലെ കത്ത്
3. കേന്ദ്ര ഭവന നഗരകാര്യ വകുപ്പ് അണ്ടർ സെക്രട്ടറിയുടെ 22.09.2023 തീയതിയിലെ K-14011/32/2013-MRTS-IV നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ സ്റ്റേഷൻ കെട്ടിടങ്ങൾക്കും അനുബന്ധ കെട്ടിടങ്ങൾക്കും വസ്തു നികുതിയുടെ ഡിമാന്റ് നോട്ടീസ് നൽകിയതിനെതിരെ കൊച്ചി കോർപ്പറേഷനെതിരെയും സമീപ തദ്ദേശ സ്ഥാപനങ്ങൾക്കെതിരെയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ബഹു ഹൈക്കോടതി മുമ്പാകെ കേസുകൾ ഫയൽ ചെയ്തിരുന്നു. ഇന്ത്യൻ റെയിൽവെ ആക്ട് പ്രകാരവും പരാമർശം ഒന്ന് പ്രകാരമുള്ള ത്രികക്ഷി ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലുമാണ് നികുതികളിൽ നിന്ന് ഒഴിവാക്കണമെന്നു കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ആവശ്യമുന്നയിച്ചത്. പരാമർശം ഒന്ന് പ്രകാരമുള്ള ത്രികക്ഷി ധാരണപത്രത്തിൽ കേരള സർക്കാർ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ സംസ്ഥാന/തദ്ദേശ നികുതികളിൽ നിന്ന് ഒഴിവാക്കുകയോ അല്ലെങ്കിൽ reimburse ചെയ്യുകയോ വേണമെന്ന് നിബന്ധന 10.5 ൽ പറയുന്നുണ്ട്.

2. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കുന്ന നികുതികളിൽ നിന്നും ഒഴിവാക്കി നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നു പരാമർശം മൂന്ന് പ്രകാരം കേന്ദ്ര ഭവന നഗരകാര്യ വകുപ്പും ആവശ്യപ്പെട്ടിരുന്നു. കൊച്ചി മെട്രോയുടെ പ്രവർത്തന നഷ്ടം നികത്തുന്നതിനും, കൊച്ചി മെട്രോ ഭീമമായ കെട്ടിട്ട നികുതി നൽകുക വഴി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത നികത്തുന്നതിനും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി നൽകണമെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിങ് ഡയറക്ടർ പരാമർശം രണ്ട് പ്രകാരം അപേക്ഷിച്ചിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം ഒന്നിലെ നിബന്ധന 10.5 ന്റെ

അടിസ്ഥാനത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർക്കും ( പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)

എം.ഡി, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/599 /2023-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 18-12-2024 12:22:52

സെക്ഷൻ ഓഫീസർ